# എൻ.എസ്.എസ്.
# എച്ച്.എസ്.എസ്. വെച്ചൂർ

# കൂട്ട്

## ലിറ്റിൽകൈറ്റ് വാർഷികപ്പതിപ്പ്
## 2018-19

# കൂട്ടിനെക്കുറിച്ച്...

ആധുനിക ജീവിതചര്യകളും, ടെക് നോളജിയുടെ വികാസങ്ങളുമെല്ലാം മാനവികമൂല്യങ്ങൾ തകർത്തെറിഞ്ഞ് ഒറ്റപ്പെടലുകളെ മാത്രം സൃഷ്ടിക്കുമ്പോൾ, നാമറിയണം ഈ കൂട്ടിലെ രസക്കൂട്ടുകൾ.

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിറ്റർ | - ശ്രീമതി. മല്ലിക. വി. കെ (HM & Principal In Charge) |
| എഡിറ്റർ | - ശ്രീമതി. ഉഷാകുമാരി. എസ് (Kite Mistress) |
| | - ശ്രീ. ജയസൂര്യ. വി. പി (Kite Master) |
| സ്റ്റുഡന്റ് എഡിറ്റർ | - അനഘ രാജേന്ദ്രൻ |
| അംഗങ്ങൾ | - അക്ഷര. എ |
| | - അക്ഷയ് അജിമോൻ |
| | - ശിവകാന്ത്. വി. കെ |
| | - കാശിനാഥൻ. ആർ |

# ഇതളുകളിലൂടെ


| എഴുത്ത് | എഴുത്തുകാരൻ /എഴുത്തുകാരി | പേജ് |
|---|---|---|
| എഡിറ്റോറിയൽ | | 2 |
| എഡിറ്റോറിയൽ ബോർഡ് | | 3 |
| ഇതളുകളിലൂടെ | | 4 |
| എന്റെ വിദ്യാലയം | | 5 |
| സൗഹൃദം എന്ന മഹാസാഗരം | അക്ഷര. എ | 6 |
| കളിയല്ല....കൂട്ട്. | അഭിനന്ദ്. എം. എസ് | 7 |
| ആത്മാർത്ഥ സൗഹൃദം | ഉണ്ണിമായ. ആർ | 8 |
| സ്നേഹബന്ധങ്ങളുഴിയിൽ...... | ശിവകാന്ത്. വി.കെ | 9 |
| ഇങ്ങനെയും ചിലത്.... | കാശിനാഥൻ. എ | 10,11 |
| കൂട്ടിലെ രസക്കൂട്ടുകൾ. | ജസ്റ്റിൻ വർഗീസ്. | 12 |
| സൗഹൃദത്തെക്കുറിച്ച് | ആദർശ് മോഹൻദാസ്. | 13 |
| നമുക്ക് നല്ല കൂട്ടുകാരാവാം.. | വൈശാഖ് | 14 |
| സൗഹൃദത്തിന്റെ പഴഞ്ചൊല്ലുകൾ - | അക്ഷയ് അജിമോൻ, ആദർശ്. പി.റ്റി, | |
| | അനുരാജ്. എ. ആർ | 15-17 |
| സൗഹൃദത്തെപ്പറ്റി പ്രമുഖർ | മിഖിൽ പി എം, ശിവപ്രസാദ്. എം. ആർ | |
| | 18- 21 | |
| സൗഹൃദം എന്നാൽ..... | അനഘ രാജേന്ദ്രൻ | 22 |
| കൈറ്റ് ഡയറി | | 23-25 |
| നന്ദി | | 26 |

# എന്റെ വിദ്യാലയം



മഹാത്മജിയുടെ പാദസ്പർശത്താൽ
പരിപാവനമായ വൈക്കത്തുനിന്നും
വെച്ചൂർ-കമരകം-കോട്ടയം
പാതയിലൂടെ 3.5 കിലോമീറ്റർ
സഞ്ചരിച്ചാൽ അറിവിന്റെ ആൽമരമായ്
വളർന്ന വെച്ചൂർ എൻഎസ്.എസ്.
ഹൈസ്കൂളിലെത്താം. 1953 ജൂണിൽ
ഒന്നും, രണ്ടും ക്ലാസ്സുകളോടുകൂടിയാണ്
സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.
ഭാരതകേസരി മന്നത്തു പത്മനാഭനാൽ
നയിക്കപ്പെടുകയും, കേരളത്തിന്റെ
വിദ്യാഭ്യാസ പുരോഗതിക്കായി ഇന്നും
ലാഭേച്ഛയില്ലാതെ പ്രയത്നിക്കുകയും
ചെയ്തുകൊണ്ടിരിക്കുന്ന നായർ സർവ്വീസ്
സൊസൈറ്റിയാണ് ഈ
വിദ്യാലയത്തെ നയിക്കുന്നത്.

# സൗഹൃദം എന്ന മഹാസാഗരം

വ്യക്തിത്വ വളർച്ചയെ ഏറ്റവും സ്വാധീനിക്കുന്നത് നമ്മുടെ സൗഹൃദങ്ങളാണ്. ഈ ലോകത്തിലെ ഏറ്റവും ശക്തമായ വാക്കാണത്. കൂട്ട് പല തരത്തിലുണ്ട്. നമ്മുടെ തെറ്റുകളെ തിരുത്തുന്നവരുണ്ട്, പ്രോത്സാഹിപ്പിക്കുന്നവരുണ്ട്. നല്ല വഴി കാണിക്കുന്നവരാകണം കൂട്ടുകാർ.

മാതാപിതാക്കളേക്കാളും നമ്മിൽ സ്വാധീനം ചെലുത്താൻ കൂട്ടുകാർക്ക് കഴിയും. സൗഹൃദം വർണനകൾക്കും അപ്പുറമാണെന്നു പറയാം. കടലിലെ തിരകളെ കര തട്ടിമാറ്റുമ്പോൾ തേങ്ങി അലയുന്ന ആ തിര വീണ്ടും കരയെ തേടിവരും. അതുപോലെയാണ് യഥാർത്ഥ സുഹൃത്തുക്കൾ. നമുക്കും നല്ല കൂട്ടുകാരാകാം......നല്ല കൂട്ടുകാരെ തെരഞ്ഞെടുക്കാം.

അക്ഷര. എ



# കളിയല്ല....കൂട്ട്.

ഇത് ഇന്റർനെറ്റ് യുഗമാണ്. നല്ലതും ചീത്തയും നമ്മുടെ വിരൽത്തുമ്പിലുണ്ട്. കൂട്ടും ഇതുപോലെയാണ്. നമുക്ക് നല്ല കൂട്ടുകാരെ തെരഞ്ഞെടുക്കാം. നമുക്കും നല്ല കൂട്ടുകാരാകാം.

നമുക്ക്... മാതാപിതാക്കളെ കൂട്ടുകാരാക്കാം. അദ്ധ്യാപകരേയും നല്ല കൂട്ടുകാരായിക്കാണാം....

അഭിനന്ദ്. എം. എസ്



# ആത്മാർത്ഥ സൗഹൃദം

സൗഹൃദം എന്നത് മറക്കാനാവാത്ത ബന്ധമാണ്. ഒത്തൊരുമയുടെ ഒരു കൂട്ടമാണ് സൗഹൃദം. ഇണക്കത്തിലും പിണക്കത്തിലും അതുണ്ട്. പിരിയാനാവാത്ത ഓർമകൾ നൽകുന്ന സൗഹൃദം.




ഉണ്ണിമായ. ആർ

# സ്നേഹബന്ധങ്ങളുഴിയിൽ........

ഇന്നത്തെ തലമുറ മദ്യത്തിനും, മയക്കുമരുന്നിനുമെല്ലാം വേഗം അടിമകളാകുന്നു. ഇത്തരക്കാരെ നന്മയിലേക്ക് തിരികെയെത്തിക്കാൻ പോലും നല്ല സൗഹൃദങ്ങൾക്കാവും. നന്മയിലേക്ക് നയിക്കുന്നതാവട്ടെ നമ്മുടെ സൗഹൃദങ്ങൾ.

ശിവകാന്ത്. വി.കെ



# ഇങ്ങനെയും ചിലത്....

ഒരിടത്ത് ഒരു ആട്ടിടയനുണ്ടായിരുന്നു. അയാൾക്ക് നൂറോളം ആട്ടുകളും. ഒരു ദിവസം അയാൾ ആട്ടുകളേയും കൊണ്ട് മേയ്ക്കാനിറങ്ങി. ഇടയ്ക്കെപ്പൊഴോ ക്ഷീണത്താൽ അയാൾ മയങ്ങിപ്പോയി. ഈ സമയംകുസൃതിയായ ഒരു ആട്ടിൻകുട്ടി പതിവുവഴി മാറി മേഞ്ഞ് കൂട്ടം തെറ്റി. തിരികെപ്പോരാൻ നേരമാണ് ആട്ടിടയൻ ഇക്കാര്യം ശ്രദ്ധിച്ചത്. അയാൾ ആട്ടുകളെ സുരക്ഷിതമായി തിരിച്ചെത്തിച്ച ശേഷം കാണാതായ ആട്ടിൻകുട്ടിയെത്തേടി പോകാനിറങ്ങി.

വന്യമൃഗങ്ങൾ നിറഞ്ഞ വനപാതകളിലൂടെ രാത്രിയിൽ പോകുന്നത് അയാളുടെ ജീവനുപോലും അപകടമാണെന്ന് പറഞ്ഞ് പലരും വിലക്കി. പക്ഷേ അയാൾക്ക് ആ സാധുമൃഗത്തെ ഉപേക്ഷിക്കാൻ തോന്നിയില്ല. പുലർച്ചവരെയുള്ള അന്വേഷണത്തിനു ശേഷമാണ് അയാൾക്ക് ആട്ടിൻകുട്ടിയെ കണ്ടെത്താൻ കഴിഞ്ഞത്. തിരിച്ചെത്തിയ അയാളുടെ സന്തോഷത്തിന് ഒരു ജീവന്റെ വിലയുണ്ടായിരുന്നു.




കാശിനാഥൻ. എ

# കൂട്ടിലെ രസക്കൂട്ടുകൾ.




സ്നേഹവും സൗഹൃദങ്ങളും നിലനിർത്തുന്നതും നശിപ്പിക്കുന്നതും നമ്മുടെ നിലപാടുകളാണ്. നല്ല കൂട്ടുകൾ എക്കാലവും നിലനിൽക്കും. ചീത്തക്കൂട്ടുകെട്ടുകൾ താൽക്കാലിക സുഖങ്ങൾ മാത്രം സമ്മാനിക്കുന്നത് മാത്രമാണ്. നല്ല സുഹൃത്തുക്കൾ നന്മയിലേക്കുള്ള വഴികാട്ടികളാണ്...നെല്ലിക്കയുടെ മധുരം പോലാണത്. നമുക്ക് നല്ല കൂട്ടുകൾ തെരഞ്ഞെടുക്കാം... നമുക്ക് ഓരോരുത്തർക്കും നല്ല കൂട്ടുകാരായി മാറാം.

ജസ്റ്റിൻ വർഗീസ്.

# സൗഹൃദത്തെക്കുറിച്ച്




സൗഹൃദമെന്നത് വെറുമൊരു വാക്കിനുമപ്പുറം ജീവിതം തന്നെയാണ്. മനുഷ്യകുലം നേടിയതൊക്കെയും കൂട്ടായ്മയുടെ വിജയങ്ങൾ മാത്രമാണ്. സൗഹൃദങ്ങൾ തകരുന്നിടത്ത് തലമുറകൾക്ക് വഴി പിഴയ്ക്കുന്നു. സൗഹൃദമാണ് നാം നേടുന്ന ഏറ്റവും വലിയ സമ്പത്ത്. മനസ്സിൽ ഇരുട്ടോ വെളിച്ചമോ നിറയ്ക്കാൻതക്കവിധം ശക്തമാണ് നമ്മുടെ സൗഹൃദങ്ങൾ. അത് നമ്മുടെ നിലപാടുകളെ മാത്രം ആശ്രയിച്ചിരിക്കുന്നു. നമുക്ക് ജാഗ്രതയുള്ളവരാകാം..

ആദർശ് മോഹൻദാസ്.

# നമുക്ക് നല്ല കൂട്ടുകാരാവാം..




ഇന്നത്തെ തലമുറ മദ്യം, മയക്കമരുന്ന് അടക്കമുള്ളവയുടെ പിടിയിലേക്ക് വേഗം വീഴുന്നു. ഇത്തരക്കാരെ നല്ല വഴികളിലേക്ക് എത്തിയ്ക്കാനും, നല്ല തലമുറയെ വാർത്തെടുക്കാനും നന്മയുള്ളകൂട്ടുകാർക്കുകഴിയും.

വൈശാഖ്

# സൗഹൃദത്തിന്റെ പഴഞ്ചൊല്ലുകൾ

# ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട.

# നല്ല സുഹൃത്താണെങ്കിൽ തെറ്റ് തിരുത്തി മനസ്സിലാക്കി തരും, സുഹൃത്ത് ഒരു കണ്ണാടി പോലെയാണ് നമ്മുടെ പ്രവർത്തികൾ അതിൽ പ്രതിഫലിക്കും.

# ഞാൻ ചെയ്യുന്നത് ചെയ്യാനും ഞാൻ തലയാട്ടുമ്പോൾ കൂടെ തലയാട്ടാനും ഒരു സുഹൃത്ത് വേണ്ട. ആ ജോലി എന്റെ നിഴൽ ഭംഗിയായി ചെയ്യുന്നുണ്ട്.. (സമീർ ഇല്ലിക്കൽ)

# ചീത്ത സുഹൃത്തുണ്ടാവുന്നതും ഒരു സുഹൃത്തും ഇല്ലാതിരിക്കുന്നതും ഒരു പോലെയാണ് - ജാപ്പാനീസ്

# ആവശ്യഘട്ടത്തിലെത്തുന്നവനാണ് യഥാർഥ സുഹൃത്ത് - ഇംഗ്ലീഷ്

# അപകടങ്ങളിലേ സുഹൃത്തിനെ മനസ്സിലാവൂ - ലെബനോൻ



# സൗഹൃദത്തിന്റെ പഴഞ്ചൊല്ലുകൾ

# നഷ്ടപ്പെട്ടുമ്പൊഴേ സൗഹൃദത്തിന്റെ വിലയറിയൂ - ഇറ്റാലിയൻ

# ഒരു സുഹൃത്തിനെ നേടാൻ പ്രയാസമാണ്. നഷ്ടപ്പെടാൻ എളുപ്പവും. - ജമായിക്ക

# എല്ലാവർക്കും സുഹൃത്തായിരിക്കുന്നവൻ ആരുടേയും സുഹൃത്തായിരിക്കില്ല -ഇംഗ്ലീഷ്

# നയിക്കുന്ന സുഹൃത്ത് ശത്രുവാണ്. - ഗ്രീക്ക്

# നല്ല സുഹൃത്ത് സ്വർണ്ണത്തേക്കാൾ വെള്ളിയേക്കാൾ വിലപിടിപ്പുള്ളതാണ്. - ഡച്ച്



# സൗഹൃദത്തിന്റെ പഴഞ്ചൊല്ലുകൾ

# അകലത്തുള്ള ബന്ധുവേക്കാൾ അരികത്തുള്ള സുഹൃത്താവും നല്ലത്. - ഇംഗ്ലീഷ്

# നല്ലത് പറയുന്നവനെല്ലാം നല്ല സുഹൃത്താകണമെന്നില്ല. - ഇംഗ്ലീഷ്

# കടം കൊടുക്കുന്നവനു പണവും ഒപ്പം സുഹൃത്തും നഷ്ടപ്പെടുന്നു. - ഇംഗ്ലീഷ്

കടപ്പാട് - വിക്കിപീഡിയ




അക്ഷയ് അജിമോൻ, ആദർശ്. പി.റ്റി, അനുരാജ്. എ. ആർ

# സൗഹൃദത്തെപ്പറ്റി പ്രമുഖർ

<u>ഗൗതമബുദ്ധൻ</u>

ആത്മാർത്ഥതയില്ലാത്ത സൗഹൃദം വന്യമൃഗങ്ങളെക്കാൾ ഭയാനകമാണ്.വന്യമൃഗത്തിന് നിങ്ങളുടെ ശരീരത്തെ ഹനിക്കാം. എന്നാൽ ചീത്ത സുഹൃത്ത് ഹനിക്കുന്നത് നിങ്ങളുടെ ആത്മാവിനെയായിരിക്കും.

<u>മുഹമ്മദ് നബി</u>

ഉത്തമനായ സുഹൃത്തിന്റെ ഉപമ കസ്തൂരി വാഹകനെ പോലെയാണ്. അവനിൽ നിന്ന് നിനക്കത് വാങ്ങാം. അല്ലെങ്കിൽ അതിന്റെ പരിമളം നിനക്കനുഭവിക്കാം. ചീത്തക്കൂട്ടുകാരന്റെ ഉപമ ഉലയിൽ ഊതുന്നവനെ പോലെയാണ്. നിന്റെ വസ്ത്രം അവൻ കരിക്കും. അല്ലെങ്കിൽ അതിന്റെ ദുർഗന്ധം ഏറ്റുവാങ്ങേണ്ടി വരും.

# സൗഹൃദത്തെപ്പറ്റി പ്രമുഖർ

എമേഴ്സൺ

സുഹൃത്തായിരിക്കുന്നവനേ സുഹൃത്തുണ്ടാവൂ.

ലിയോ ബുസ്കാഗ്ലിയ

ഒരു പുഷ്പമുണ്ടെങ്കിൽ എനിക്ക് പൂങ്കാവനമായി. ഒരു സുഹൃത്തുണ്ടെങ്കിൽ ലോകവും.

പ്ലൂട്ടാർക്ക്

യഥാർഥ സുഹൃത്ത് മുന്നിൽനിന്നേ കുത്തൂ.

വില്യം ബ്ലേക്ക്

പക്ഷികൾക്ക് കൂട്, ചിലന്തിക്ക് വല, മനുഷ്യനു സുഹൃത്ത് ബന്ധങ്ങൾ.

ചാൾസ് കോൾട്ടൻ

നല്ല സുഹൃത്തുക്കൾ ആരോഗ്യ സ്ഥിതി പോലെയാണ്. നഷ്ടപ്പെട്ടുമ്പോഴേ അതിന്റെ വില മനസ്സിലാവൂ.

# സൗഹൃദത്തെപ്പറ്റി പ്രമുഖർ




<u>ബെഞ്ചമിൻ ഫ്രാൻക്ലിൻ</u>

സുഹൃത്തുക്കളോടു നന്നായി പെരുമാറുക; അവർ നിങ്ങളോടു കൂടുതൽ അടുക്കും.
ശത്രുക്കളോടും നന്നായി പെരുമാറുക; അവരെ നേടാൻ നിങ്ങൾക്കു കഴിയും.

<u>ആൽബർട്ട് കാമു</u>

എന്റെ മുന്നിൽ നടക്കണ്ട, ഞാൻ പിൻപറ്റില്ല, എന്റെ പിന്നിൽ നാടക്കണ്ട ഞാൻ നയിക്കില്ല, എന്നോടൊപ്പം നടക്കു, എന്റെ സുഹൃത്തായിരിക്കു.

<u>ഭഗവദ്ഗീത</u>

സുഹൃത്ത്, മിത്രം, ശത്രു, ഉദാസീനൻ, മധ്യസ്ഥൻ, ദ്വേഷൻ, ബന്ധു, ഇവരിലും ധർമാത്മാക്കളിലെന്ന പോലെ പാപികളിലും സമഭാവം പുലർത്തുന്നവൻ അത്യന്തം ശ്രേഷ്ഠനാകുന്നു

# സൗഹൃദത്തെപ്പറ്റി പ്രമുഖർ

<u>സോക്രട്ടീസ്</u>

സുഹൃത്ത് ബന്ധങ്ങൾ ഏകാന്തത്തിലിരിക്കുമ്പോൾ ഒപ്പമുണ്ടു ചങ്ങാതിമാർ, അവരോടൊപ്പമിരിക്കുമ്പോൾ അവരെത്രയകലെ.

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട; ശരിതന്നെ, അതുപക്ഷേ നിങ്ങൾക്കു താടി വടിക്കാനല്ല, മുടി കറുപ്പിക്കാനുമല്ല.

കടപ്പാട് - വിക്കിപീഡിയ

മിഖിൽ പി എം, ശിവപ്രസാദ്. എം. ആർ



# സൗഹൃദം എന്നാൽ......

സൗഹൃദം യഥാർത്ഥമായിരിക്കണം. പ്രതിഫലേച്ഛയില്ലാത്ത, നിസ്വാർത്ഥമായ, വ്യവസ്ഥകളില്ലാത്തതാവണം സൗഹൃദം.

നല്ലവാക്ക് പറയുന്ന നാവും നന്മകാണുന്ന കണ്ണുകളും സത്പ്രവർത്തി ചെയ്യുന്ന കരങ്ങളും സൗഹൃദത്തിന്റെ രൂപങ്ങളാണ്.

ഒരാളുടെ ജീവിതത്തിൽ തിരുത്തപ്പെടാതെ പോകുന്ന ദുർഗുണങ്ങളാണ് അയാളുടെ ജീവിതത്തെയും, ചുറ്റുപാടുകളെയും തളർത്തുകയോ ചെയ്യുന്നത്.

ഒരാളിൽ നല്ല വ്യക്തിത്വം രൂപപ്പെടുന്നുവെങ്കിൽ അവന്റെ സൗഹൃദ ലോകവും നല്ലതായിരിക്കും. ഒരാൾ നാശത്തിലേക്കു പോകുന്നുവെങ്കിൽ അയാളുടെ സുഹൃത് ലോകവും മോശമായിരിക്കും. സുദാമാ ശ്രീകൃഷ്ണന്മാരുടേത് പോലെയാവണം നമ്മുടെ സൗഹൃദങ്ങൾ.




അനഘ രാജേന്ദ്രൻ

# കൈറ്റ് ഡയറി





# കൈറ്റ് ഡയറി





# കൈറ്റ് ഡയറി










അജിത്ത്. എം

# നന്ദി

ഈ പതിപ്പ് തയ്യാറാക്കുന്നതിന് ഞങ്ങൾ ലിറ്റിൽകൈറ്റുകളെ പ്രാപ്തരാക്കിയ പ്രിയപ്പെട്ട ഉഷാകുമാരി ടീച്ചർ, ഉഷ ടീച്ചർ, ജയസൂര്യ സർ, മാർഗനിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ്സ് മല്ലിക ടീച്ചർ എന്നിവർക്കും കൈറ്റിനും, വായനക്കാർക്കും, സ്കൂൾ മാനേജ്മെന്റിനും ഒപ്പം എല്ലാകൂട്ടുകാർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.